## ലേബർ കമ്മീഷണറുടെ നടപടിക്രമം
## (ഹാജർ – ശ്രീ ഇമ്പശേഖർ കെ ഐ എ എസ് )

വിഷയം – തൊഴിൽ വകുപ്പ് – സ്ഥാപനകാര്യം – പാലക്കാട് രണ്ടാം സർക്കിൾ അസിസ്റ്റന്റ് ലേബർ ഓഫീസിലെ ക്ലർക്ക് ശ്രീ പി ആനന്ദിന്റെ അനധികൃത ഹാജരില്ലായ്മ – ശിക്ഷ നൽകി അച്ചടക്ക നടപടി തീർപ്പാക്കുന്നത് – സംബന്ധിച്ച്.

പരാമർശം –
1. 07/03/2015 ലെ ഇ3 28087/2009 നമ്പർ കുറ്റപത്രവും, കുറ്റാരോപണ പത്രികയും.
2. എറണാകുളം റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറുടെ 16/02/2021 – ലെ എ(1) 2223/2020 നമ്പർ ഔപചാരിക അന്വേഷണ റിപ്പോർട്ട്.
3. ശ്രീ പി ആനന്ദിന് ലേബർ കമ്മീഷണർ നൽകിയ 03/03/2021 ലെ കാരണം കാണിക്കൽ നോട്ടീസ്.
4. ലേബർ കമ്മീഷണറുടെ 16/03/2021 ലെ ഇ3 7816/18 നമ്പർ നോട്ടീസ്.
5. പാലക്കാട് ജില്ലാ ലേബർ ഓഫീസറുടെ 25/02/2021 ലെ ഇ(1) 680/2021 നമ്പർ കത്ത്.
6. ലേബർ കമ്മീഷണർ സർക്കാരിന് അയച്ച 19/03/2021 ലെ ഇ(3) 7816/18 നമ്പർ കത്ത്.
7. പാലക്കാട് ജില്ലാ ലേബർ ഓഫീസറുടെ 25/03/2021 ലെ ഇ(1) 766/2021 നമ്പർ കത്ത്.
8. 26/03/2021 ലെ ഡി3/365/2018/തൊഴിൽ നമ്പർ സർക്കാർ കത്ത്.

==========================================================================

ഉത്തരവ് നമ്പർ – ഇ(3) 7816/2018, തിരുവനന്തപുരം. തീയതി – 30/03/2021

==========================================================================

പാലക്കാട് രണ്ടാം സർക്കിൾ അസിസ്റ്റന്റ് ലേബർ ഓഫീസിലെ ക്ലർക്കായ ശ്രീ പി ആനന്ദ് തുടർച്ചയായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിന് പരാമർശം (1) പ്രകാരം ടിയാന് മേജർ പെനാൽട്ടിയ്ക്ക് കുറ്റപത്രവും, കുറ്റാരോപണ പത്രികയും ലേബർ കമ്മീഷണർ നൽകിയിരുന്നു. ആയതിനാൽ താഴെപ്പറയുന്ന കുറ്റങ്ങളാണ് ടിയാനെതിരെ ഉന്നയിച്ചിരിക്കുന്നത്.

1. പാലക്കാട് ജില്ലാ ലേബർ ഓഫീസിലെ ക്ലർക്കായ ശ്രീ പി ആനന്ദ് എന്ന താങ്കൾ 28/12/2013 മുതൽ അനധികൃതമായി ഓഫീസിൽ ഹാജരാകുന്നില്ല.
2. ദീർഘകാലം ഓഫീസിൽ ഹാജരാകാതിരിക്കുക വഴി താങ്കൾ ഗുരുതരമായ അച്ചടക്ക ലംഘനം നടത്തി.
3. അനധികൃതമായി ഓഫീസിൽ ഹാജരാകാതിരിക്കുക വഴി ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് തടസം സൃഷ്ടിച്ചു. 2014 ലോക് സഭ തെരെഞ്ഞെടുപ്പ് സമയം ഓഫീസിൽ ഹാജരാകാതിരിക്കുക വഴി തെരെഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഓഫീസിലെ പ്രവർത്തനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടായി. നിയമസഭ സമ്മേളന സമയത്തും ഹാജരായില്ല.

4. അനധികൃതമായി ഓഫീസിൽ ഹാജരാകാത്തതിനെ തുടർന്ന് 03.01.2014 തീയതി പാലക്കാട് ജില്ലാ ലേബർ ഓഫീസർ താങ്കൾക്ക് നൽകിയ മെമ്മോയ്ക്ക് നിശ്ചിത സമയപരിധിയ്ക്കുള്ളിൽ മറുപടി നൽകിയില്ല.
5. മുമ്പും താങ്കൾ സ്ഥിരമായി ഓഫീസിൽ അനധികൃമായി ഹാജരാകാതിരുന്നിട്ടുള്ളതും ആയതിന് 22.12.2004, 23.08.2007 തീയതികളിൽ താങ്കൾക്ക് കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകിയിട്ടുള്ളതും ടി നടപടികൾ യഥാക്രമം "കർശനമായ താക്കീത്", "സെൻഷർ" പോലുള്ള ചെറുശിക്ഷകൾ നൽകിക്കൊണ്ട് അവസാനിപ്പിക്കുകയാണുണ്ടായത്. എന്നാൽ താങ്കൾ ടി വീഴ്ചകൾ വീണ്ടും ആവർത്തിച്ചു.

2. മേൽപ്പറഞ്ഞ കുറ്റപത്രം 21.03.2015 ൽ ശ്രീ പി ആനന്ദ് കൈപ്പറ്റിയെങ്കിലും ആയതിന് ടിയാൻ യാതൊരുവിധ പ്രതിവാദ പത്രികയും സമർപ്പിച്ചില്ല. താൻ മാനസിക രോഗത്തിന് ചികിത്സയിലാണെന്നും തനിക്ക് ഇൻവാലിഡ് പെൻഷൻ നൽകണമെന്നും കാണിച്ച് 01/10/2017 ൽ ശ്രീ പി ആനന്ദ് ലേബർ കമ്മീഷണർക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. ഇക്കാര്യം സർക്കാരിലേയ്ക്ക് ലേബർ കമ്മീഷണർ സമർപ്പിക്കുകയും ശ്രീ പി ആനന്ദിന് ഇൻവാലിഡ് പെൻഷൻ നൽകുന്ന വിഷയത്തിൽ ടിയാനെ മെഡിക്കൽ ബോർഡ് മുൻപാകെ ഹാജരാകുന്നതിന് 21/09/2018 ലെ ഡി3/365/2018-തൊഴിൽ നമ്പർ കത്തിൽ സർക്കാർ ലേബർ കമ്മീഷണർക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. ഇതിനായി പാലക്കാട് ജില്ലാ ഹോസ്പിറ്റലിലെ വിവിധ വിഭാഗങ്ങളിൽപ്പെട്ട ഡോക്ടർമാർ ഉൾപ്പെടുന്ന മെഡിക്കൽ ബോർഡ് ശ്രീ പി ആനന്ദിനെ 01/12/2018 ൽ പരിശോധിക്കുകയും 'We are of the opinion that he is medically fit to do the work of Lower Division Clerk' എന്ന് സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തു. ഇത് പരിഗണിച്ച സർക്കാർ 12/08/2019 ലെ ഡി3/365/2018/തൊഴിൽ നമ്പർ കത്തിൽ ശ്രീ പി ആനന്ദിനോട് അടിയന്തിരമായി ജോലിയിൽ പ്രവേശിക്കുന്നതിന് നിർദ്ദേശിക്കുവാനും, ജോലിയിൽ പ്രവേശിക്കുന്നില്ലായെങ്കിൽ 1960 ലെ കേരള സിവിൽ സർവ്വീസസ് (ക്ലാസിഫിക്കേഷൻ, കൺട്രോൾ & അപ്പീൽ) ചട്ടങ്ങളിലെ ചട്ടം 15 ലെ മേജർ പെനാലിറ്റിയ്ക്കുള്ള നടപടിക്രമങ്ങൾ പാലിച്ച് അന്വേഷണ ഉദ്യോഗസ്ഥനെ നിയമിച്ച് ടി അന്വേഷണ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ സർവ്വീസിൽ നിന്നും ടിയാനെ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുവാനും ലേബർ കമ്മീഷണറോട് നിർദ്ദേശിച്ചിരുന്നു. തുടർന്ന് 09/10/2019 ലെ ഇ(3) 7816/2018 നമ്പർ പ്രൊസീഡിംഗ്സ് പ്രകാരം ലേബർ കമ്മീഷണറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ശ്രീ പി ആനന്ദിനെ പാലക്കാട് രണ്ടാം സർക്കിൾ അസിസ്റ്റന്റ് ലേബർ ഓഫീസിൽ ക്ലർക്കായി പോസ്റ്റിംഗ് നൽകി ഉത്തരവാകുകയും, അടിയന്തിരമായി ടി പോസ്റ്റിൽ ജോയിൻ ചെയ്യണമെന്ന് 09/10/2019 ലെ ഇ3/7816/2018 നമ്പർ കത്തിലൂടെ

ടിയാന് നിർദ്ദേശം നൽകുകയും ചെയ്തു. തുടർന്ന് ശ്രീ പി ആനന്ദ് 28/10/2019 ന് ടി ഓഫീസിൽ ഹാജരായി. എന്നാൽ ടിയാൻ 31/10/2019 മുതൽ വീണ്ടും അനധികൃതമായി ഹാജരാകുന്നില്ലായെന്ന് 02/12/2019 ലെ ഇ(1) 260/2019 നമ്പർ കത്തിൽ പാലക്കാട് ജില്ലാ ലേബർ ഓഫീസർ (ഇ) ലേബർ കമ്മീഷണർക്ക് റിപ്പോർട്ട് ചെയ്തു. ഈ സാഹചര്യത്തിൽ ശ്രീ പി ആനന്ദിനെതിരെ അച്ചടക്ക നടപടി തുടരേണ്ടതുണ്ട് എന്ന് കാണുകയും സൂചന ഒന്നിലെ കുറ്റപത്രത്തിലെ ചാർജ്ജുകളിൻമേൽ 1960 ലെ കേരളാ സിവിൽ സർവ്വീസസ് (ക്ലാസിഫിക്കേഷൻ, കൺട്രോൾ &അപ്പീൽ) റൂൾസിലെ റൂൾസ് 15 (2) പ്രകാരം ഔപചാരിക അന്വേഷണത്തിന് 07/10/2020 ലെ ഇ(3) 7816/2018 നമ്പർ ഉത്തരവ് പ്രകാരം ലേബർ കമ്മീഷണർ എറണാകുളം റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിക്കുകയും ചെയ്തു. ടി അന്വേഷണാധികാരി പരാമർശം (2) പ്രകാരം അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. എൻക്വയറി റിപ്പോർട്ട് പ്രകാരം കുറ്റപത്രത്തിലെ ചാർജ്ജുകൾ കുറ്റാരോപിതനെതിരെ തെളിഞ്ഞിട്ടുണ്ട്. തുടർന്ന് കുറ്റാരോപിതനെ 1960 ലെ കേരളാ സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 11(1)(vii) പ്രകാരം സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് താല്ക്കാലികമായി തീരുമാനിച്ചുകൊണ്ട് ടിയാന് പരാമർശം (3) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. ടിയാൻ ടി നോട്ടീസ് 05/03/2021 ൽ കൈപ്പറ്റിയെങ്കിലും ആ നോട്ടീസിനോട് ടിയാൻ പ്രതികരിച്ചില്ല. തുടർന്ന് ടിയാനെ നേരിൽ കേൾക്കുന്നതിനായി ലേബർ കമ്മീഷണറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ മുൻപാകെ 24/03/2021 ന് ഹാജരാകാൻ പരാമർശം (4) പ്രകാരം നിർദ്ദേശം നൽകിയെങ്കിലും ടിയാൻ ഹാജരായിട്ടില്ല.

3. ഈ കേസ് ബന്ധപ്പെട്ട റിക്കാർഡുകൾ സഹിതം വിശദമായി പരിശോധിച്ചു. ലേബർ കമ്മീഷണറുടെ 08/11/2008 ലെ ഇ(3)-6518/2007 നമ്പർ ഉത്തരവ് പ്രകാരം ശ്രീ പി ആനന്ദിനെതിരെ മുൻപ് അച്ചടക്ക നടപടി തീർപ്പാക്കിയിരുന്നു. ആ ഉത്തരവിൽ ടിയാൻ Recurrent Depressive Disorder എന്ന അസുഖത്തിന് തൃശ്ശൂർ മെഡിക്കൽ കോളേജിൽ ചികിത്സയിലായിരുന്നു എന്ന് പരാമർശിച്ചിട്ടുണ്ട്. എന്നാൽ ശ്രീ പി ആനന്ദിനെ 01/12/2018 ൽ പരിശോധിച്ച മെഡിക്കൽ ബോർഡ് ടിയാൻ Medically fit to do the work of LD Clerk എന്നാണ് രേഖപ്പെടുത്തിയത്. ഈ വിഷയത്തിൽ നടന്ന ഫോർമൽ എൻക്വയറിയുടെ പരാമർശം രണ്ട് പ്രകാരമുള്ള റിപ്പോർട്ടിൽ ഓഫീസിൽ തുടർച്ചയായി ഹാജരാകാതിരുന്നതിന് കാരണം എഴുതി നൽകുവാൻ പോലും കഴിയാത്ത വിധം ശാരീരിക അവശതയും ബുദ്ധിമുട്ടും അനുഭവിക്കുന്ന വ്യക്തിയാണ് ശ്രീ പി ആനന്ദ് എന്നും, ശാരീരികമായും മാനസികമായും സാമ്പത്തികമായും ബുദ്ധിമുട്ട് നേരിടുന്ന ടിയാനെ സ്വയം വിരമിക്കുന്നതിന് അനുവദിക്കണമെന്നും ശുപാർശ ചെയ്തിട്ടുണ്ട്.

4. മേൽപ്പറഞ്ഞ വസ്തുതകൾ അവലോകനം ചെയ്യുമ്പോൾ അനധികൃത ഹാജരില്ലായ്മയ്ക്ക് ശ്രീ പി ആനന്ദ് ശിക്ഷ അർഹിക്കുന്നുണ്ടെങ്കിൽ പോലും മാനുഷിക പരിഗണന കണക്കിലെടുത്ത് ശ്രീ പി ആനന്ദിനെ സർവ്വീസിൽ നിന്നും റിമൂവ് ചെയ്യുവാനുള്ള തീരുമാനം പുന:പരിശോധിക്കേണ്ടതായികാണുന്നു. ഈ സാഹചര്യത്തിൽ ക്ലാർക്ക് ശ്രീ പി ആനന്ദിന്റെ മൂന്ന് വാർഷിക വേതന വർദ്ധനവുകൾ സഞ്ചിത ഫല പ്രാബല്ല്യമില്ലാതെ (Without cumulative effect) മൂന്ന് വർഷത്തേക്ക് തടഞ്ഞ്കൊണ്ട് 1960-ലെ കേരള സിവിൽ സർവ്വീസ് (ക്ലാസ്സിഫിക്കേഷൻ, കൺട്രോൾ &അപ്പീൽ) റൂൾസിലെ ചട്ടം 11 (1) (iii)പ്രകാരമുള്ള ശിക്ഷ നൽകി ടിയാനെതിരായ പരാമർശം (1) ലെ കുറ്റപത്രപ്രകാരമുള്ള അച്ചടക്ക നടപടി തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു. ശ്രീ പി ആനന്ദ് 31/03/2021 ൽ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്യുന്നതിനാൽ മേൽപ്പറഞ്ഞ ഇൻക്രിമെന്റ് തടയുന്നതിന്റെ സാമ്പത്തികാനുകൂല്യം KSR Part III Rule 3. B പ്രകാരം ടിയാന്റെ DCRG- യിൽ നിന്നും ഈടാക്കുന്നതായിരിക്കും.

30/3/2021

ഇമ്പശേഖർ കെ ഐ എ എസ്
ലേബർ കമ്മീഷണർ

സ്വീകർത്താവ്

ശ്രീ. ആനന്ദ് പി, ക്ലർക്ക്
അസിസ്റ്റന്റ് ലേബർ ഓഫീസറുടെ കാര്യാലയം
രണ്ടാം സർക്കിൾ,പാലക്കാട്.

ജില്ലാ ലേബർ ഓഫീസർ
പാലക്കാട് മുഖാന്തിരം.

പകർപ്പ്

1. പി.എ. ടു ലേബർ കമ്മീഷണർ
2. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
3. റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ
   എറണാകുളം.
3. ജില്ലാ ലേബർ ഓഫീസർ,
   പാലക്കാട് .
4. അസിസ്റ്റന്റ് ലേബർ ഓഫീസർ, രണ്ടാം സർക്കിൾ, പാലക്കാട്
5. ഐ.റ്റി.സെൽ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
4. ഫയൽ/സ്റ്റോക്ക് ഫയൽ